# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

X **PHYSICS(MM)** WS 2



## 1 വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ

**1. a)** അയൺബോക്സ്, വൈദ്യുതഹീറ്റർ

**b)** നിക്രോം

**c)** ഉയർന്ന ദ്രവണാങ്കം, ഉയർന്ന റെസിസ്റ്റിവിറ്റി, ചുട്ടുപഴുത്ത അവസ്ഥയിൽ ഓക്സീകരിക്കപ്പെടാതെ ദീർഘനേരം നിലനിൽക്കുവാനുള്ള കഴിവ്.

**2. a)** താപഫലം

**b)** ശ്രേണിയായി

**c)** താഴ്ന്ന ദ്രവണാങ്കം.

**d)** ഷോർട്ട്സർക്കീട്ട് അല്ലെങ്കിൽ ഓവർലോഡിങ് കാരണം സർക്യൂട്ടിലൂടെ അമിതവൈദ്യുത പ്രവാഹമുണ്ടായാൽ ഫ്യൂസ് വയർ ചൂടാകുന്നു. ഇതിന് ദ്രവണാങ്കം

കുറവായതിനാൽ പെട്ടെന്ന് ഉരുകി സർക്യൂട്ട് വിഛേദിക്കപ്പെടുന്നു.

e) വണ്ണം കൂടിയ കമ്പി ഉപയോഗിച്ചാൽ

അമിതമായ വൈദ്യുതപ്രവാഹമുണ്ടാകുന്ന അവസരത്തിൽ ഫ്യൂസ്

വയർ ഉരുകിപ്പൊട്ടിപ്പോകുവാനുള്ള സാധ്യതകുറവാണ് .

അതിനാൽ വണ്ണം കുറഞ്ഞകമ്പിയാണ് അഭികാമ്യമായിട്ടുള്ളത് .

f) *ഫ്യൂസ്‌വയറിന്റെ അഗ്രങ്ങൾ ഫ്യൂസ്കാരിയറിൽ യഥാസ്ഥാനത്ത്

ദൃഢമായി ബന്ധിപ്പിക്കണം.

*ഫ്യൂസ്‌വയറിന്റെ അഗ്രങ്ങൾ ക്യാരിയറിൽനിന്നും പുറത്തേക്ക്

തള്ളി നിൽക്കരുത് .

* സർക്യൂട്ടിനനുയോജ്യമായ ആമ്പിയറേജുള്ള / വണ്ണമുള്ള

ഫ്യൂസ്‌വയർ ഉപയോഗിക്കണം.

* അനുയോജ്യമായ പദാർത്ഥംകൊണ്ട് നിർമ്മിച്ച താഴ്ന്ന

ദ്രവണാങ്കമുള്ള ഫ്യൂസ്‌വയർ ഉപയോഗിക്കണം.

**3.** a) 40 W

b) $R = V^2/P$

$= 230 \times 230/40$

$= 1322.5\ \Omega$

**c) 40 W,** ഈ ബൾബിന്റെ പ്രതിരോധം കൂടുതലാണ്.

**4. a)** താപത്താൽ തിളങ്ങുന്നത്

**b)** ടങ്സ്റ്റൺ

**c)** ചുട്ടുപഴുക്കുമ്പോൾ ധവളപ്രകാശം പുറപ്പെടുവിക്കുന്നു,

ഉയർന്നദ്രവണാങ്കം, ഉയർന്ന റസിസ്റ്റിവിറ്റി, ഉയർന്ന

ഡക്ടിലിറ്റി(നേർത്ത കമ്പിയാക്കിമാറ്റാം).

**d)** ഫിലമെന്റിന്റെ ഓക്സീകരണവും ബാഷ്പീകരണവും തടഞ്ഞ്

ലാമ്പിന്റെ ആയുസ്സ് വർധിപ്പിക്കാം.

**e)** നൽകുന്ന വൈദ്യുതോർജ്ജത്തിന്റെ ഭൂരിഭാഗവും

താപരൂപത്തിൽ പാഴായിപ്പോകുന്നു.

**5.**

| A | B | C |
|---|---|---|
| ഫ്യൂസ് വയർ | താഴ്ന്ന ദ്രവണാങ്കം | ടിന്നും ലെഡ്ഡും |
| ഇൻകാൻഡസെന്റ് ലാമ്പ് | ടങ്സ്റ്റൺ | നൈട്രജൻ |
| താപനോപകരണങ്ങൾ | നിക്രോം | വൈദ്യുതോർജം താപോർജമായി മാറുന്ന |
| പ്രതിരോധകങ്ങൾ ശ്രേണീരീതിയിൽ | ഉയർന്ന സഫല പ്രതിരോധം | $R=R_1+R_2+R_3$ |
| പവർ | വാട്ട് | $I^2R$ |
| പ്രതിരോധകങ്ങൾ സമാന്തരരീതിയിൽ | സഫലപ്രതിരോധം കുറയുന്ന | $1/R=1/R_1+1/R_2+1/R_3$ |

6. a) കുറയും

b) കുറയും

c) കൂടും , പ്രതിരോധം കുറയുമ്പോൾ കറണ്ട് കൂടുന്നതിനാൽ ബൾബിന്റെ പവർ കൂടുന്നു.

7. a) ഒരു ഉപകരണത്തിന്റെ പവറും അതിൽ നൽകുന്ന വോൾട്ടേജും തമ്മിലുള്ളഅനുപാതമാണ് ആമ്പയറേജ്.

b) ആമ്പയറേജ് = വാട്ടേജ്/വോൾട്ടേജ്

$$= \frac{640}{230}$$

= 2.786 ~2.8A

8. a. ഉപകരണത്തിന്റെ പ്രതിരോധം,

$$R = V^2/P$$

$$= 200 \times 200/800$$

$$= 50\Omega$$

100V–ൽ പ്രവർത്തിക്കുമ്പോൾ ഉള്ള പവർ

$$P = V^2/R$$

$$= 100 \times 100/50$$

$$= 200W.$$

b. 50V –ൽ പ്രവർത്തിക്കുമ്പോൾ ഉള്ള പവർ

$$P = V^2/R$$

$$= 50 \times 50/50$$

$$= 50W$$

9. a) ലൈറ്റ് എമിറ്റിങ് ഡയോഡ്

b) *ഫിലമെന്റ് ഇല്ലാത്തതിനാൽ താപരൂപത്തിലുള്ള

ഊർജ്ജനഷ്ടം ഉണ്ടാകുന്നില്ല.

*മെർക്കുറി ഇല്ലാത്തതിനാൽ പരിസ്ഥിതിയ്ക്ക് ഹാനികരമല്ല.

*പ്രവർത്തിക്കാൻ വളരെ കുറച്ച്പവർ മതിയാകും.

9. a)ലൈറ്റ് എമിറ്റിങ് ഡയോഡ്

b) *ഫിലമെന്റ് ഇല്ലാത്തതിനാൽ താപരൂപത്തിലുള്ള

ഊർജ്ജനഷ്ടം ഉണ്ടാകുന്നില്ല.

*മെർക്കുറി ഇല്ലാത്തതിനാൽ പരിസ്ഥിതിയ്ക്ക് ഹാനികരമല്ല.

*പ്രവർത്തിക്കാൻ വളരെ കുറച്ച്പവർ മതിയാകും.